IV. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച:

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): 2013 ഫെബ്രുവരി 1-ന് ഗവർണ്ണർ കേരളാ നിയമസഭാംഗങ്ങളോട് നടത്തിയ പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നുവെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. പി. സി. ജോർജ്: സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത്രയും നാണംകെട്ട പ്രതിപക്ഷം ഉണ്ടായിട്ടുണ്ടോയെന്ന് ചർച്ച ചെയ്യണം. സ്വന്തം കണ്ണിലെ ഉലക്ക  എടുക്കുവാൻ കഴിവില്ലാതെ നാശത്തിന്റെ വക്കിലേയ്ക്കാണ് അവർ പോകുന്നത്.  ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ വസ്തുത എന്താണെന്ന് വിശദമായി ചർച്ചചെയ്യാൻ മടിക്കുന്ന ഇത്തരം നാണംകെട്ട പ്രതിപക്ഷം കേരളത്തിന്റെ ചരിത്രത്തിൽ  ഉണ്ടായിട്ടില്ല. കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ്.........(ബഹളം).....നാണംകെട്ട പ്രതിപക്ഷം. ഞാൻ ഈ പ്രമേയം ശക്തമായി അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: യെസ്, യെസ്, ശ്രീ. പി. സി. ജോർജ് അങ്ങേയ്ക്ക് അങ്ങയുടെ പ്രസംഗം മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഈ പ്രതിപക്ഷത്തിന്റെ നാണംകെട്ട നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് എന്റെ പ്രസംഗം ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(+++)

------------------------------------

+++ ( പ്രൊസീഡിംഗ്സിന്റെ ഭാഗമാക്കുന്നതിനുവേണ്ടി പ്രസംഗം അനുബന്ധമായി വയ്ക്കുന്നു.)

സർ,

''2013 ഫെബ്രുവരി ഒന്നിന് ഗവർണ്ണർ കേരള നിയമസഭാ അംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാ അംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു'' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ,

"Even as India's growth rates slow down, some parts of the country are growing faster than the average, because of effective state governments. There are shining examples of good governance in the state. Politicians who are seen to deliver governance enjoy popular support… and Chief Minister Oommenchandy is one".

ദേശീയ മാഗസിനായ '**ഇന്ത്യാടുഡെ**' നടത്തിയ '**The state of the state survey**' മികച്ച ഭരണത്തിന് ഒന്നാമതെത്തിയ നമ്മുടെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ഭരണത്തെക്കുറിച്ച് എഴുതിയ വരികളാണ് ഇവിടെ ഉദ്ധരിച്ചത്.

2011-ൽ നാലാം സ്ഥാനത്തുണ്ടായിരുന്ന ഒരു സംസ്ഥാനമാണ് യു.ഡി.എഫ് സർക്കാർ അധികാരത്തിൽ എത്തിയതിനു ശേഷം ഒന്നാം സ്ഥാനത്തേക്ക് കടന്നുവന്നത്. ഭരണകൂടത്തിന്റെ ഓവർഓൾ പെർഫോർമൻസിന് രണ്ടാം സ്ഥാനവും (2011-ൽ ഇത് ഒമ്പതാം സ്ഥാനത്തായിരുന്നു) ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റിന് മൂന്നാം സ്ഥാനവും ലഭിച്ചു. 2011-ൽ ഇത് പതിനാലാം സ്ഥാനത്തായിരുന്നു. കാർഷിക പുരോഗതിയിൽ 2011 -ൽ പതിമൂന്നാം സ്ഥാനത്തായിരുന്ന കേരളം നാലാം സ്ഥാനത്തെത്തി. ആരോഗ്യ നിക്ഷേപ മേഖലകളിൽ എട്ടാം സ്ഥാനത്ത് എത്താനും യു.ഡി. എഫ് സർക്കാരിന് കഴിഞ്ഞിരിക്കുന്നുവെന്നാണ് കണ്ടെത്തിയിരിക്കുന്നത്. നമ്മുടെ സംവിധാനങ്ങൾ പരിഷ്കരിക്കുകയും നവീകരിക്കുകയും ചെയ്യുന്നതുവരെ സാധാരണക്കാർക്ക് നിസ്സാരകാര്യങ്ങളിൽപ്പോലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ ജനസമ്പർക്ക പരിപാടിയെന്ന ചരിത്രപരമായ ദൗത്യ നിർവ്വഹണത്തിലൂടെ മാനുഷിക മുഖമുള്ള, ദീനാനുകമ്പയുള്ള ഭരണകൂടമാണ് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കേണ്ടതെന്ന് തെളിയിച്ച ഒരു മുഖ്യമന്ത്രി നേതൃത്വം നൽകുന്ന സർക്കാരാണ് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത് എന്നത് ഓരോ മലയാളിക്കും അഭിമാനകരമാണ്. സങ്കുചിത രാഷ്ട്രീയ താൽപര്യങ്ങൾക്ക് പ്രാമുഖ്യം നൽകി ഭരണസംവിധാനത്തിന്റെ കാര്യക്ഷമത ഇല്ലാതാക്കി അവസരവാദപരമായ തീരുമാനങ്ങൾ നടപ്പിലാക്കി രാഷ്ട്രീയകക്ഷികൾ ജനങ്ങളുടെ ആഗ്രഹ അഭിലാഷങ്ങളെ തകർത്തെറിഞ്ഞതിന്റെ ഫലമായി കേരള സംസ്ഥാനത്തിന് സഹിക്കേണ്ടിവന്ന നഷ്ടങ്ങൾ നികത്താൻ കാലങ്ങൾതന്നെ വേണ്ടിവരും. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് രാഷ്ട്രീയ പാർട്ടികളും, മുന്നണികളും നേതാക്കന്മാരും ഒരു പുനർവിചിന്തന

ത്തിന് തയ്യാറാകണമെന്ന അനുസ്മരിക്കുന്ന ഉത്തമ രേഖയാണ് ഈ നയപ്രഖ്യാപനമെന്ന് ഞാൻ അടിവരയിടുന്നു.

**സുസ്ഥിരവികസനം**

സുസ്ഥിരമായ വികസനം, അഴിമതിരഹിതമായ ഭരണം, പാവപ്പെട്ട ജനങ്ങളോടുള്ള കരുതൽ എന്നീ പ്രഖ്യാപനങ്ങളോടെയാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ് ഗവൺമെന്റ് മുന്നേറുന്നത്.

**പാർട്ടി പൊളിറ്റിക്സ് ഇല്ലാത്ത പ്രഖ്യാപനം**

കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ അവതരിപ്പിക്കപ്പെടുന്ന പാർട്ടി പൊളിറ്റിക്സ് ഇല്ലാത്ത പ്രസംഗമാണ് ഗവർണ്ണർ നടത്തിയത്. അതുകൊണ്ടുതന്നെ രാഷ്ട്രീയ ലാക്കോടെയല്ലാതെ നടത്തിയ പ്രസംഗം കേരളത്തിന്റെ സമഗ്രവികസനവും പാർശ്വവത്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ സർവ്വതോമുഖമായ വളർച്ചയും ലക്ഷ്യമിടുന്നു.

**സേവനാവകാശ നിയമം**

ചരിത്രപരമായ കടമ നിറവേറ്റുന്നതിൽ ഈ ഗവൺമെന്റ് ബദ്ധശ്രദ്ധമാണ്. ജനങ്ങൾക്ക് സർക്കാരിന്റെ സേവനം ഉറപ്പാക്കുന്നതിനുവേണ്ടി ഈ സഭ പാസ്സാക്കിയ സേവന അവകാശ നിയമം രാജ്യത്തിനുതന്നെ മാതൃകയാണ്. പുരോഗമനപരമായ ഒരാശയമാണിത്. 1957 ഏപ്രിൽ 5 മുതൽ 1959 ജൂലൈ 31 വരെയുള്ള ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്തിലുള്ള ഒന്നാം കേരള നിയമസഭ മുതൽ 2006 മെയ് 18 മുതൽ 2011 മെയ് 18 വരെ നിലകൊണ്ട വി. എസ് അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള പന്ത്രണ്ടാം കേരള നിയമസഭവരെ

സേവനം ജനങ്ങളുടെ അവകാശമാക്കിമാറ്റാനുള്ള ഒരു ശ്രമവും നടത്തിയിരുന്നില്ല.

എന്നാൽ ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ 2011 മെയിൽ ആരംഭിച്ച പതിമൂന്നാം കേരള നിയമസഭ ജനങ്ങൾക്ക് സർക്കാർ സേവനം ഉറപ്പു നൽകുന്ന നിയമം പാസ്സാക്കി. ഈ യു.ഡി.എഫ് ഗവൺമെന്റിന്റെ വിജയപഥത്തിലെ ഒരു നാഴികക്കല്ലാണ് ഈ നിയമ നിർമ്മാണം.

**<u>എമർജിംഗ് കേരള</u>**

2011 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള എന്ന ദീർഘവീക്ഷണവും ഉൾക്കാഴ്ചയും ഉള്ള പരിപാടിയിലൂടെ ആഗോള നിക്ഷേപ സമാഹരണത്തിലൂടെ സംസ്ഥാനത്തേക്ക് വൻതോതിൽ നിക്ഷേപകരെ ആകർഷിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിക്കാൻ യു.ഡി.എഫ് സർക്കാരിന് കഴിഞ്ഞു.

2004 ആഗസ്റ്റ് 31-ന് ആദ്യമായി കേരളത്തിന്റെ മുഖ്യമന്ത്രിയായതിനു ശേഷം നടത്തിയ പ്രഥമ പത്രസമ്മേളനത്തിൽ ശ്രീ. ഉമ്മൻചാണ്ടി നടത്തിയ പ്രഖ്യാപനം ''വിദേശ മലയാളികളുടെ സഹകരണത്തോടെ സംസ്ഥാനത്തെ നിക്ഷേപ രംഗത്ത് കൂടുതൽ മുതൽമുടക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകും എന്നതായിരുന്നു. അന്ന് നടത്തിയ പ്രഖ്യാപനത്തിൽ നിന്നും അണുവിട പിറകോട്ടില്ലെന്ന് തെളിയിക്കുംവിധം നടത്തിയ ഒരു മുഖ്യമന്ത്രിയുടെ ഭരണപാടവത്തിന്റെ തെളിവാണ് എമർജിംഗ് കേരള.

കേരളത്തിന്റെ കണ്ണായ ഭൂമിയാകെ വൻകിട കുത്തകകൾക്കും റിയൽ എസ്റ്റേറ്റ് ഭീമന്മാർക്കും തീറെഴുതിക്കൊടുക്കൽ മാത്രമായി നിക്ഷേപക സംരംഭങ്ങളെ തരംതാഴ്ത്തിയ  വി. എസ്. അച്യുതാനന്ദൻ സർക്കാരിന്റെ കാലത്തു

ണ്ടായ നിക്ഷേപ സമാഹരണ സ്തംഭനത്തെ മറികടന്ന് സംസ്ഥാന വികസനം ലക്ഷ്യമാക്കി അതിവേഗം യു.ഡി.എഫ് സർക്കാർ മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയാണ്.

**<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>**

പാലിയേറ്റീവ് കെയർ, ഹീമോഫീലിയ, കാൻസർ, കിഡ്നി, ഹൃദയസംബന്ധമായ അസുഖങ്ങൾ ബാധിച്ച പാവപ്പെട്ട രോഗികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ ചികിത്സ ലഭ്യമാക്കാൻ സഹായിക്കുന്ന യു. ഡി.എഫ് സർക്കാരിന്റെ മനുഷ്യത്വമുഖത്തിന് തെളിവാണ് കാരുണ്യ ബനവലന്റ് ഫണ്ട്.

**<u>യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നു</u>**

പൗരന്റെ ജീവനും, സ്വത്തിനും സംരക്ഷണം നൽകുക എന്നത് ഒരു ഗവൺമെന്റിന്റെ പരമപ്രധാനമായ ചുമതലയാണ്. രാഷ്ട്രീയ കൊലപാതകങ്ങളിലും അക്രമങ്ങളിലും പാർട്ടികൾ പ്രതികളെ നൽകുന്ന ഏർപ്പാട് ഈ ഗവൺമെന്റ് അവസാനിപ്പിച്ചു. യഥാർത്ഥ പ്രതികളെ നിയമനത്തിന് മുന്നിൽകൊണ്ടുവരാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നതിന് നിരവധി ഉദാഹരണങ്ങൾ നിരത്താൻ കഴിയും.

**<u>ഭൂരഹിതരില്ലാത്ത സംസ്ഥാനം</u>**

2015 ഓടെ കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റാനുള്ള അതിതീവ്ര പദ്ധതി വിജയകരമായി മുന്നേറുന്നു എന്നത് സന്തോഷത്തിന് വക നൽകുന്നു. 2013 ഓഗസ്റ്റോടുകൂടി ഒരു ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് മൂന്നു സെന്റ് ഭൂമി വീതം നൽകും. നാളിതുവരെ ഒരു ലക്ഷത്തി

എൺപതിനായിരത്തി പതിമൂന്ന് വീടുകൾ ഭവനരഹിതർക്കായി ഈ ഗവൺമെന്റ് നിർമ്മിച്ചിട്ടുണ്ട്. ഇ.എം.എസ് ഭവനപദ്ധതിയിൻകീഴിൽ നാൽപ്പത്തിആറായിരത്തി തൊള്ളായിരത്തി ആറ് വീടുകളുടെ നിർമ്മാണ ജോലികൾ പുരോഗമിച്ചുവരുന്നു. എം.എൻ ലക്ഷംവീട് നവീകരണ പദ്ധതി യിൽപ്പെടുത്തി അയ്യായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയഞ്ച് വീടുകൾ നവീകരിച്ചു.

**കർഷകരക്ഷ ഭക്ഷ്യസുരക്ഷ**

കർഷകരക്ഷ ഭക്ഷ്യസുരക്ഷ എന്ന പേരിൽ നടപ്പാക്കാൻ പോകുന്ന സമഗ്രകാർഷിക നയം വൻവിജയകരമാക്കാൻ ഈ ഗവൺമെന്റിന് കഴിയും. കർഷകന്റെ മിത്രമായിട്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. കേരള ത്തിന്റെ സമ്പദ്ഘടനയുടെ അടിത്തറ കാർഷിക മേഖലയാണ്. കാർഷികമേഖലയുടെ സമഗ്രവികസനത്തിലൂടെയേ സംസ്ഥാനത്തിന്റെ പുരോഗതിക്ക് കുതിപ്പുണ്ടാക്കാൻ കഴിയൂ. ഇതിനായി കൃഷിക്കാർക്ക് ആത്മവി ശ്വാസവും സഹായവും നൽകി അവരെ കാർഷിക മേഖലയിൽ ഉറപ്പിച്ചു നിർത്താൻ കഴിയണം. അതിനുള്ള എക്കാലത്തേയും വലിയ പരിശ്രമങ്ങളാണ് യു.ഡി.എഫ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും.

കൃഷിക്കാരെ കൃഷിയിടങ്ങളിൽ ഉറപ്പിച്ചു നിർത്താനും, പുതിയ തലമു റയെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുവാനും ഈ സർക്കാരിന്റെ കർഷക-സൗഹൃദ സമീപനത്തിലൂടെ കഴിഞ്ഞത് വരും തലമുറകൾക്കായി ഈ സർക്കാർ ചെയ്ത ഏറ്റവും വലിയ നേട്ടമായി വിലയിരുത്തപ്പെടും എന്നതിന് സംശയമില്ല.

**പട്ടയം**

1977 ജനുവരി 1-ന് മുമ്പ് കുടിയേറിയ നാലായിരത്തി തൊള്ളായിരം പേർക്ക് പട്ടയം നൽകി. ഇരുപതിനായിരത്തോളം കൃഷിക്കാർക്ക് കൈവശാവകാശ രേഖ നൽകി. കാർഷിക വായ്പകൾക്ക് അഞ്ചു ശതമാനം സബ്സിഡി നൽകി. എല്ലാ വിളകളേയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള സമഗ്രകാർഷിക വികസന പദ്ധതിക്ക് യു.ഡി.എഫ് സർക്കാർ രൂപം കൊടുത്തതിലൂടെ കൃഷിക്കാർക്ക് യു.ഡി.എഫ് സർക്കാർ പകർന്നു നൽകിയ ആവേശം ചെറുതല്ല.

നെൽകർഷകർക്ക് പമ്പിംഗ് സബ്സിഡി പൂർണ്ണമാക്കിയത് ആ മേഖലയിലും പുതിയ ഉണർവ്വാണ് നൽകിയിരിക്കുന്നത്.

**<u>പരമ്പരാഗത മേഖല</u>**

കൈത്തറി, കരകൗശലം, കയറുൽപ്പന്നങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ ഗവൺമെന്റിന്റെ മുൻഗണനാ ലിസ്റ്റിൽപ്പെടുന്നു. ഈ മേഖലയുടെ ശാക്തീകരണത്തിലൂടെ ലക്ഷക്കണക്കിന് തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടും.

**<u>വ്യവസായ മേഖല</u>**

വ്യവസായ വികസനമെന്നാൽ അഴിമതിപ്പണം കണ്ടെത്താനുള്ള ഗവേഷണം മാത്രമാക്കി അധഃപ്പതിപ്പിച്ച മുൻ സർക്കാർ നിലപാടിന് പകരം വ്യാവസായിക മേഖലയിൽ പുരോഗതിയുടെ വെള്ളിവെളിച്ചം വിതറുന്ന പദ്ധതികളാണ് യു.ഡി.എഫ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കൊച്ചി, കോയമ്പത്തൂർ വ്യവസായിക ഇടനാഴിയിലൂടെ ഏതാണ്ട് അറുപത്തയ്യായിരം കോടി രൂപയുടെ നിക്ഷേപത്തിനാണ് യു.ഡി.എഫ് സർക്കാർ വഴി തുറന്നിടു

ന്നത് എന്നത് സംസ്ഥാനത്തിന്റെ വികസന പ്രതീക്ഷകളെ സംബന്ധിച്ച് നിസ്സാരകാര്യമല്ല.

**മത്സ്യത്തൊഴിലി ക്ഷേമം**

മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും ഈ ഗവൺമെന്റിന്റെ മുൻഗണനാ ലിസ്റ്റിലുണ്ട്. റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ടിൽ നിന്നുള്ള സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഫിഷിംഗ് വില്ലേജസ് പ്രോജക്ട് നടപ്പാക്കും. തീരദേശ വികസന കോർപ്പറേഷൻ മുഖേന 150 കോടിയുടെ ഭവനപദ്ധതി മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പാക്കുമെന്നതും പ്രശംസാർഹമാണ്. പതിമൂന്നാം ധനകാര്യകമ്മീഷന്റെ സഹായത്തോടെ അയ്യായിരം വീടുകളുടെ നിർമ്മാണം നടത്തുമെന്നതും അയ്യായിരം മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിക്കുമെന്നതും ഈ മേഖലയിൽ പുത്തൻ ഉണർവ്വുണ്ടാക്കുമെന്നതിൽ സംശയമില്ല.

**പട്ടികജാതി വികസനം**

ഈ ഗവൺമെന്റ് ഒരു പട്ടികജാതി വികസനനയം രൂപീകരിക്കുമെന്നത് വളരേയെറെ സ്വാഗതാർഹമാണ്. പട്ടികജാതിക്കാരുടെ സമ്പൂർണ്ണമായ വളർച്ചയ്ക്ക് ഇത് ഉപകരിക്കുമെന്നതിൽ സംശയമില്ല. പൊതു വിഭാഗത്തിനും, പട്ടികജാതി വിഭാഗത്തിനും വീടുകളുടെ നിർമ്മാണത്തിനുള്ള യൂണിറ്റ് ചെലവ് രണ്ടുലക്ഷം രൂപയായും പട്ടിക ഗോത്ര വർഗ്ഗ വിഭാഗത്തിനുള്ള യൂണിറ്റ് ചെലവ് രണ്ടരലക്ഷം രൂപയായും വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റിന്റെ നേട്ടമായി ഞാൻ വിലയിരുത്തുന്നു. ബി.പി.എൽ കുടുംബങ്ങൾക്കായി അറുപത്തീരായിരം വീടുകൾ നിർമ്മിച്ചു നൽകുമെന്ന പ്രഖ്യാപനവും പ്രശംസാർഹമാണ്.

**<u>തൊഴിൽ സാധ്യത</u>**

ഉദ്യോഗാർത്ഥികളുടെ തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിന് ബൃഹത് പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. നഴ്സുമാർക്ക് ലോകനിലവാരത്തിലുള്ള പരിശീലനം നൽകാൻ ലക്ഷ്യമിടുന്നതിലൂടെ പതിനായിരക്കണക്കിന് നഴ്സുമാർക്ക് കേരളത്തിനകത്തും പുറത്തും മെച്ചപ്പെട്ട ജീവിതസാഹചര്യം ഉറപ്പാക്കാനാകും. അതുപോലെതന്നെ തോട്ടം തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളും ആ മേഖലയ്ക്ക് കൂടുതൽ ഉണർവ് നൽകും.

**<u>സ്ത്രീകൾക്കുവേണ്ടി 'നിർഭയ'</u>**

എല്ലാ സ്ത്രീകൾക്കും ഭയമില്ലാതെയും, മാന്യതയോടെയും ജീവിക്കുന്നതിനുള്ള അവകാശം ഉറപ്പാക്കുന്ന സമഗ്രമായ നയപ്രഖ്യാപനം 'നിർഭയ' എന്ന പേരിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത് ശ്ലാഘനീയമാണ്.

**<u>കുടിവെള്ളപദ്ധതി</u>**

സംസ്ഥാനത്ത് ചെറിയ ജലവിതരണ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്നതും കേരള വാട്ടർ അതോറിറ്റിയുടെ വൻകിട വിതരണ പ്രോജക്ടും ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതിയും അടുത്തവർഷം പൂർത്തീകരിക്കുമെന്നും ഉള്ള പ്രഖ്യാപനം ജനങ്ങൾക്ക് ആശ്വാസം നൽകുന്നതാണ്.

**<u>വൈദ്യുതി</u>**

കാലാവസ്ഥാ വ്യതിയാനം മൂലം മഴലഭിക്കാത്തതിനെ തുടർന്ന് ജലവൈദ്യുത പദ്ധതിയെ ആശ്രയിക്കാനാകാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉണ്ടാക്കാനും സൗരോർജ്ജത്തിലൂടെ വൈദ്യുതി ഉണ്ടാക്കാനുമുള്ള പദ്ധതികൾ നടപ്പാക്കുമെന്ന പ്രഖ്യാപനം അങ്ങേയറ്റം സ്വാഗതാർഹമാണ്.

**<u>യുവജന നയം</u>**

സർക്കാർ അംഗീകരിച്ച പുതിയ യുവജന നയവും സമഗ്ര സ്പോർട്സ് നയവും യുവജനങ്ങളുടെ പ്രതീക്ഷകൾക്ക് പുതിയ ചിറക് നൽകുന്നവയാണ്.

**<u>ക്ഷേമ പെൻഷനുകൾ</u>**

ക്ഷേമ പെൻഷനുകൾ ഇരട്ടിയും അതിലധികവുമായി വർദ്ധിപ്പിച്ചുകൊണ്ട് പാവപ്പെട്ടവരെ ഏറെ കരുതലോടെ സമീപിക്കുന്ന ജനകീയ സർക്കാർ എന്ന നിലയിലേക്ക് ഉമ്മൻചാണ്ടി സർക്കാർ മാറി എന്നത് അഭിമാനകരമാണ്.

**<u>നൂറുദിന കർമ്മപരിപാടി</u>**

ഈ സർക്കാർ അധികാരമേറ്റപ്പോൾ നൂറുദിനങ്ങൾകൊണ്ട് നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച 107 പരിപാടികളിൽ 102 എണ്ണവും നടപ്പാക്കി എന്നത് ഭരണനിർവ്വഹണത്തെ സംബന്ധിച്ച് നിസ്സാരകാര്യമാണെന്നത് പ്രതിപക്ഷത്തിനുപോലും പറയുവാൻ കഴിയില്ല. മിഷൻ 2030 ലക്ഷ്യമിട്ടുകൊണ്ടുള്ള വൻകുതിപ്പാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

**ഗുരുദേവ ദർശനം**

ഒരുജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന വിപ്ലവകരമായ സന്ദേശം പകർന്നു നൽകിയ ശ്രീനാരായണ ഗുരുദേവന്റെ ദർശനങ്ങൾ അടുത്തവർഷം മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമെന്നതിലൂടെ ഉമ്മൻചാണ്ടി ഗവൺമെന്റ് ഒരു വലിയ സാമൂഹ്യവിപ്ലവത്തിനുകൂടിയാണ് തുടക്കം കുറിക്കുന്നത്.

**വനിതാവിഷയങ്ങൾ**

1980-ലും 1996-ലും രണ്ടുതവണ സംസ്ഥാനത്ത് വനിതാമുഖ്യമന്ത്രിമാരുണ്ടാകാനുള്ള സാധ്യത സി.പി.എം അട്ടിമറിച്ചു. ആദ്യം കെ.ആർ. ഗൗരിയമ്മയേയും, പിന്നീട് സുശീലാഗോപാലനെയും വഞ്ചിച്ചവർ ഇപ്പോൾ സ്ത്രീകളുടെ പദവി ഉയർത്താൻ നടത്തുന്ന പോരാട്ടങ്ങൾ കാണുമ്പോൾ പുച്ഛമാണ് തോന്നുന്നത്.

സമരം ചെയ്യാൻ പ്രതിപക്ഷത്തിന് വിഷയങ്ങളില്ലാതാക്കിയ ഭാവനാപൂർണ്ണമായ ഭരണമാണ് യു.ഡി.എഫ് സർക്കാർ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ നടത്തുന്നത്.

സർ,

ഇന്ന് സഭ ബഹിഷ്ക്കരിക്കുവാനുള്ള പ്രതിപക്ഷനീക്കം അപലപനീയമാണ്. നന്ദിപ്രമേയ ചർച്ചയിൽ വിശദമായി സംസാരിക്കുവാൻ അവകാശമുള്ളപ്പോൾ സഭനടപടികൾ അലങ്കോലപ്പെടുത്തുന്ന സമീപനം പ്രതിപക്ഷം

ഉപേക്ഷിക്കണം. ഡേറ്റാ സെന്റർ, റിലയൻസിനുകൊടുത്ത ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നടപടിയെ അന്വേഷിക്കുവാനുള്ള നീക്കം തടസ്സപ്പെടുത്തുവാൻ സുപ്രീംകോടതിയെ സമീപിച്ചിരിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനും നന്ദകുമാറും മുൻ കേന്ദ്രമന്ത്രി ശ്രീ. പി. ജെ. കുര്യനെ കുറ്റപ്പെടുത്തുന്നത് എന്ത് ധാർമ്മികതയുടെ പേരിലാണെന്ന് മനസ്സിലാകുന്നില്ല.

സി.പി.എം-ന്റെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി നേതാവും കരകുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റുമായ (രാജാലാൽ) കരകുളത്തിടുത്തുള്ള ഒരു വീട്ടിൽ ചെന്ന് കയറി മോശപ്പണിക്ക് ശ്രമിച്ചപ്പോൾ നാട്ടുകാർ പിടിച്ചുവച്ചു. പോലീസ് വന്നപ്പോൾ ഓടി രക്ഷപ്പെട്ടു. സി.പി.എം എന്ത് നടപടി സ്വീകരിച്ചു? ശ്രീമതി ടീച്ചർ മന്ത്രിയായിരുന്നപ്പോൾ പറഞ്ഞത് ഡി.വൈ. എഫ്.ഐ കുട്ടികൾ മജ്ജയും മാംസവും ഉള്ളവരാണ് അവരുടെ ഭാഗത്ത് തെറ്റുകളൊക്കെ ഉണ്ടാകുമെന്നാണ്. ഈ നയം സ്വീകരിച്ചിരിക്കുന്നവർക്ക് ശ്രീ. പി.ജെ.കുര്യനെ കുറ്റം പറയുവാൻ എന്ത് അവകാശം?

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 08.30ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

സഭ രാവിലെ 11.37-ന് പിരിഞ്ഞു.